പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ: 3468 — 14.10.2011-ൽ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനും വികസനത്തിനും പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.സദാശിവൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങ ളുടെ സംരക്ഷണത്തിനും വികസനത്തിനുമായി നടപ്പു വർഷം എത്രകോടി രൂപയാണ് നീക്കിവച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങ ളുടെ വികസനത്തിനായി 2011-12 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 54.10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും ധനസഹായം അനുവദിച്ചുവരുന്നു. |
| (ബി) ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം, ഉത്പാദനം, വിറ്റുവരവ്, ലാഭം എന്നിവ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദനം, വിറ്റുവരവ്, ലാഭം എന്നിവ പരിശോധിക്കുന്നതിന് RIAB- മുഖേന മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി ഒരു ഇൻറർനെറ്റ് അധിഷ്ഠിത വെബ് പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഇതിൻെറ ഭാഗമായി ദൈനംദിന മോണിട്ടറിംഗ് സംവിധാനം (Daily Monitoring System) മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം (Monthly Monitoring System) എന്നിവ ശക്തിപ്പെടുത്തുകയും, കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിക്കഴിഞ്ഞു.<br><br>കമ്പനികളുടെ ദൈനംദിന ഉൽപ്പാദന മൂല്യം, വിറ്റുവരവ് എന്നിവ ദൈനംദിന മോണിട്ടറിംഗ് സംവിധാനത്തിലൂടെയും, ഓരോ മാസവുമുള്ള ലാഭനഷ്ടക്കണക്കുകളും, ചെലവുകളുടെ വിവരങ്ങളും മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനത്തിലൂടെയും പരിശോധിച്ചുവരുന്നു. |

| | |
|---|---|
| (സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ? | (സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെപ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി 10 കോടി രൂപ KELTRON-ന്റെ നവീകരണമുൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് പ്രത്യേകം വകയിരുത്തിയിട്ടുണ്ട്.<br><br>ടെക്സ്റ്റൈൽ മേഖലയുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി Kerala State Textile Corporation Limited, Texfed- ന്റെ അധീനതയിൽവരുന്ന സ്പിന്നിംഗ് മില്ലുകൾ എന്നിവയ്ക്കായി 14 കോടി രൂപയുടെ പ്രത്യേക പദ്ധതിയ്ക്ക് സർക്കാർ അംഗീകാരവും ധനസഹായവും അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br><br>മേൽപ്പറഞ്ഞവ കൂടാതെ **Steel Complex Ltd, Kerala Electrical & Allied Engineering Company Ltd, Sitaram Textiles, Kerala Automobiles Ltd, SILK, Forest Industries Travancore Ltd, Kerala State Drugs & Pharmaceuticals Ltd, Keltron Component Complex Ltd, KSEDC** എന്നീ സ്ഥാപനങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്കായും പ്രവർത്തന മൂലധനത്തിനുള്ള മാർജിൻമണിയിനത്തിലും സഹായം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.<br><br>KELTRON-ന്റെ BIFR-ന് സമർപ്പിക്കുന്നതിനായുള്ള പുനരുദ്ധാരണ പാക്കേജിൽ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് കമ്പനിയുടെ അംഗീകൃത ഓഹരി മൂലധനം 200 കോടിരൂപയായി ഉയർത്തുന്നതിനും 84.37 കോടിരൂപയുടെ വായ്പകൾ ഇക്വിറ്റിയായി മാറ്റുന്നതിനുമുള്ള അനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ 82.67 കോടിരൂപയുടെ പലിശ 2015-16 വരെയുള്ള കാലയളവിലേയ്ക്ക് മരവിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഒരു ഇൻറനെറ്റ് അധിഷ്ഠിത വെബ് പോർട്ടൽ RIAB- ൽ സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ദൈനംദിന മോണിട്ടറിംഗ് സംവിധാനം (Daily Monitoring System), മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം (Monthly Monitoring System) എന്നിവ ശക്തിപ്പെടുത്തുകയും, കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിക്കഴിഞ്ഞു. |

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ 'കാര്യക്ഷമത കൂട്ടുന്നതിനായുള്ള പരിശീലന പരിപാടികൾ RIAB- മുഖേനയും, കമ്പനിതലത്തിലും നടപ്പിലാക്കിവരുന്നു.

കമ്പനികളിലെ ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിന്റെ ഭാഗമായി അതാത് മേഖലകളിൽ Expert Committees രൂപീകരിക്കുന്നതിനുള്ള പദ്ധതികൾ പുരോഗമിച്ചുവരുന്നു. എഞ്ചിനീയറിംഗ് സെക്ടറിനായുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ഇ-പ്രൊക്യൂർമെന്റ് സംവിധാനത്തിന്റെയും ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിന്റെയും നടപ്പാക്കൽ

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയോജിച്ചുള്ള പ്രവർത്തനം

ഡയറക്ടർ ബോർഡുകൾ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തൽ
സ്ഥാപനങ്ങൾക്ക് വികസന ബാങ്കുകളുടെ സാമ്പത്തിക സഹായം ലഭ്യമാക്കുക

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മാതൃകയിൽ MoU സംവിധാനം

AccountantGeneral-യുമായി യോജിച്ചുകൊണ്ടു
ള്ള പെർഫോമൻസ് ആഡിറ്റ് സംവിധാനം.

സെക്ഷൻ ഓഫീസർ